# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5619 29/07/2015 ൽ മറുപടിക്ക്

**ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്ന നടപടി**

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) വിവിധ വകുപ്പുകളിലെ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം അവഗണിച്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ളതും ഉണ്ടാകാൻ ഇടയുള്ളതുമായ ഒഴിവുകൾ അതാതു മാസം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ നിയമനാധികാരികൾക്കും വകുപ്പു മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഏതൊക്കെ വകുപ്പുകളാണ് ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുള്ളത് ; എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യാത്തതായി കണ്ടെത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ; | (ബി)യും (സി)യും ബാധകമല്ല. |
| (സി) സർക്കാരിന്റെ ആവർത്തിച്ചുള്ള നിർദ്ദേശം അവഗണിച്ച ഉദ്യോഗസ്ഥർക്കെതിരെ മാതൃകാ പരമായ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ